സംസ്ഥാന പോലീസ് നടത്തിയിട്ടില്ല.

മൂന്നാറിൽ ടൂറിസം പോലീസിനെ നിയമിക്കുന്നതിന് നടപടി

246 (247) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ മൂന്നാറിൽ എത്തുന്ന സഞ്ചാരികളെ സഹായിക്കുന്നതിന് ടൂറിസം പോലീസിനെ നിയമിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത് ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച നടപടിക്രമങ്ങളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മൂന്നാറിൽ എത്തുന്ന വിനോദ സഞ്ചാരികളെ സഹായിക്കുന്നതിന് ഒരു സീനിയർ സിവിൽ പോലീസ് ഓഫീസറുടെയും നാല് സിവിൽ പോലീസ് ഓഫീസർമാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(സി) ബാധകമല്ല.

സുന്ദരിയമ്മ വധക്കേസ്

247 (248) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുന്ദരിയമ്മ വധക്കേസിൽ, കൃത്രിമ തെളിവുകൾ സൃഷ്ടിച്ച് നിരപരാധിയെ പ്രതിയാക്കിയ പോലീസ്ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കാൻ മാറാട് പ്രത്യേക അഡീഷണൽ സെഷൻസ് ജഡ്ജി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഇന്ത്യൻ ശിക്ഷാ നിയമം 340-ാം വകുപ്പ് പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് കാരണംകാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടോ ;

(സി) വകുപ്പ് തലത്തിൽ ബന്ധപ്പെട്ടവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ബഹുമാനപ്പെട്ട അഡീഷണൽ സെഷൻസ് (മാറാട് കേസ്) കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ CrPC 340, IPC 201 പ്രകാരം നടപടി എടുക്കാതിരിക്കാൻ ഇൻസ്പെക്ടർ പ്രമോദിനും (PW 35), IPC 194 പ്രകാരം നടപടി

LIBRARY ARCHIVES Kerala Legislative Assembly